**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3798** **03-03-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് വികസന പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഉദുമ-കാഞ്ഞങ്ങാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന എത്ര പി.ഡബ്ല്യൂഡി. റോഡുകൾ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ; | (എ) | പെരിയ-ഒടയഞ്ചാൽ റോഡ്, ബന്തടുക്ക-വീട്ടിയാടി-ചാമുണ്ഡിക്കുന്ന്-ബളാന്തോട് റോഡ് എന്നിവ കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡുകളിൽ ഉദുമ മണ്ഡലത്തിന്റെ ഭാഗമായി വരുന്നവ മാത്രം അഭിവൃദ്ധിപ്പെടുത്തിയിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) | പ്രസ്തുത റോഡുകളിൽ പെരിയ-ഒടയഞ്ചാൽ പൊതുമരാമത്ത് റോഡിൽ ഉദുമ മണ്ഡലത്തിന്റെ ഭാഗമായി വരുന്ന കി.മീ.8/000 മുതൽ 12/000 വരെയുള്ള ഭാഗവും ബന്തടുക്ക-വീട്ടിയാടി-ചാമുണ്ഡിക്കുന്ന്-ബളാന്തോട് റോഡിന്റെ 0/000 മുതൽ 2/200 വരെയുള്ള ഭാഗവും അഭിവൃദ്ധിപ്പെടുത്തിയിട്ടില്ലയെന്ന്പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം) റിപ്പോർട്ട് ചെയ്തിട്ടുണ്ട് . |
| (സി) | ഒരു റോഡ് പൂർണ്ണമായി അഭിവൃദ്ധിപ്പെടുത്താത്തതുമൂലം അതിന്റെ യഥാർത്ഥ ഗുണം ജനങ്ങൾക്ക് ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നതിനാൽ ബാക്കി ഭാഗം കൂടി കെ.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുന്ന വിഷയം പരിഗണിക്കുമോ; വിശദമാക്കുമോ? | (സി) | ബന്തടുക്ക-വീട്ടിയാടി-ചാമുണ്ഡിക്കുന്ന്-ബളാന്തോട് റോഡിന്റെ ഉദുമ മണ്ഡലത്തിലുൾപ്പെട്ട 0/000 മുതൽ 2/200 വരെയുള്ള ഭാഗം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള 499.90 ലക്ഷം രൂപയുടെ ഡിപിആർ പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം) തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ